(സി) ബാക്കി പാൽ എപ്രകാരം കണ്ടെത്തുന്നു;

(ഡി) മിൽമ പാലിൽ പാൽപ്പൊടി ചേർക്കുന്നുണ്ടോ;

(ഇ) എങ്കിൽ എത്ര ശതമാനം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. എന്നാൽ ആളോഹരി ദിനംപ്രതി 280 ഗ്രാം എന്ന ലോകാരോഗ്യ സംഘടനയുടെ നിർദ്ദേശ പ്രകാരം കണക്കാക്കുകയാണെങ്കിൽ ഉദ്ദേശം 87 ലക്ഷം ലിറ്റർ പാൽ ദിനംപ്രതി ആവശ്യമാണ്. 2003-2004-ലെ കണക്കുകൾ പ്രകാരം മിൽമയുടെ ശരാശരി സംഭരണം പ്രതിദിനം 6 ലക്ഷം ലിറ്റർ പാലാണ്.

(സി) സംസ്ഥാനത്തിനു പുറത്തുനിന്നു കൊണ്ടുവന്നും, റീകോൺസ്റ്റിറ്റ്യൂഷൻ പ്രക്രിയയിലൂടെയും കുറവുപാൽ പരിഹരിക്കുന്നു.

(ഡി) ഉണ്ട്.

(ഇ) സംഭരിക്കുന്ന പാലിൽ എസ്.എൻ.എഫ്.-ന്റെ കുറവനുസരിച്ച് പി.എഫ്.എ. ആക്ട് അനുശാസിക്കുന്ന 8.5 ശതമാനം തികയ്ക്കുന്നതിനാവശ്യമായ 0.10 ശതമാനം മുതൽ 0.30 ശതമാനം വരെ സ്കിംഡ് മിൽക്ക് പൗഡർ ചേർക്കുന്നു.

മിൽമയുടെ മേഖലാ യൂണിറ്റുകൾ

85 [2952] ശ്രീ. സി. പി. മുഹമ്മദ്:
„ അടൂർ പ്രകാശ്:
„ വർക്കല കഹാർ:
„ എൻ. ഡി. അപ്പച്ചൻ:
„ വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽമയുടെ ഏതെല്ലാം മേഖലാ യൂണിറ്റുകൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ബി) ഇവ നഷ്ടത്തിലാകുവാൻ കാരണമെന്ത്;

(സി) ഇവ എത്ര കാലമായി നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ഡി) ഇവയെ ലാഭത്തിലാക്കാൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിൽമയുടെ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിറ്റുകൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(ബി) അസംസ്കൃത വസ്തുക്കളുടെ ഉയർന്ന സംഭരണവില, അധിക ജീവനക്കാർ, പാൽസംഭരണത്തിലെ മിച്ചം, വിപണിയിലെ മാത്സര്യം മൂലം വിൽപ്പന യുടെ വർദ്ധനവിലെ കുറവ്, രൂക്ഷമായ പാൽക്ഷാമം മൂലം കൂടിയ വിലയ്ക്കു അയൽ സംസ്ഥാനങ്ങളിൽ നിന്നും പാലും പാൽപ്പൊടിയും വാങ്ങേണ്ടി വന്നതിനാലും ജീവനക്കാരുടെ ശമ്പളം, ഇലക്ട്രിസിറ്റി, ഡീസൽ, ഫർണസ്സ് ഓയിൽ എന്നിവയുടെ നിരക്കിലുണ്ടായ വർദ്ധനവും മൂലം എറണാകുളം യൂണിയന്റെ പ്രവർത്തനം നഷ്ട ത്തിലായി. തിരുവനന്തപുരം മേഖലാ യൂണിയന് വിപണനത്തിനാവശ്യമായ പാൽ സംഭരണം ഇല്ലാതിരുന്നതിനാൽ അയൽ സംസ്ഥാന ഫെഡറേഷനുകളിൽ നിന്നും വാങ്ങിയ പാൽ, പാൽപ്പൊടി മുതലായവയുടെ അധികവിലയും പ്രവർത്തന വൈകല്യവും മൂലമാണ് 2003-2004 വർഷം നഷ്ടമുണ്ടാകാൻ കാരണം.

(സി) എറണാകുളം മേഖലാ യൂണിയൻ 2002-2003 വർഷത്തിലൊഴികെ ആരംഭകാലം മുതൽ (1985) നഷ്ടത്തിലായിരുന്നു. തിരുവനന്തപുരം മേഖലാ യൂണിയൻ 2003-2004 വർഷത്തിൽ മാത്രമാണ് നഷ്ടത്തിലായത്.

(ഡി) അസംസ്കൃത വസ്തുക്കളായ പാൽ, പാൽപ്പൊടി ഇവ കുറഞ്ഞവില യിൽ ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രാദേശിക പാൽ സംഭരണം കൂട്ടുന്നതിനാവശ്യമായ ഇൻപുട്ട്സ് അധികമായി നൽകുവാനും തിരുവനന്തപുരം മേഖലാ യൂണിയൻ തീരുമാനിച്ചിട്ടുണ്ട്.

എറണാകുളം മേഖലാ യൂണിയൻ ആരംഭകാലം മുതൽ നഷ്ടത്തിലായിരുന്നു വെങ്കിലും 2002-2003 വർഷത്തിൽ 73.37 ലക്ഷം രൂപയുടെ ലാഭമുണ്ടായിട്ടുണ്ട്. യൂണിയന്റെ പ്രവർത്തനത്തിലെ നഷ്ടം ഒഴിവാക്കി ലാഭകരമാക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഒരു റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

ക്ഷീര സഹകരണ സംഘങ്ങൾ

86 [2953] ശ്രീ. എ. എൻ. രാജൻ ബാബു:

" ഉമേഷ് ചള്ളിയിൽ:

" കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പഞ്ചായത്തുകളിലും ആവശ്യത്തിന് ക്ഷീര സഹ കരണ സംഘങ്ങൾ ഇല്ലാത്തതുമൂലം ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly